"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - "മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045"-ന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016, വകുപ്പ് 36 ഉപവകുപ്പ് (3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ(മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16 ഉപചട്ടം (8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.204/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

പരാമർശം:-

1. അടൂർ നഗരസഭ കൗൺസിലിന്റെ 12/04/2023 തീയതിയിലെ 1-ാം നമ്പർ പ്രമേയം.
2. അടൂർ നഗരസഭ കൗൺസിലിന്റെ 18/08/2025 തീയതിയിലെ 11-ാം നമ്പർ പ്രമേയം.
3. 18/09/2025-തീയതിയിലെ കേരള ഗസറ്റ് വിജ്ഞാപനം നമ്പർ-3342 വാല്യം 14.
4. അടൂർ നഗരസഭ സെക്രട്ടറിയുടെ 9/09/2025 തീയതിയിലെ 357975-2025 നമ്പർ കത്ത്.
5. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ടെ 27/09/2025 തീയതിയിലെ LSGD/PD/20468/2024-TCPB4 നമ്പർ കത്ത്.

ഉത്തരവ്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമം വകുപ്പ് 36, ഉപവകുപ്പ് (2) പ്രകാരം അടൂർ ടൗണിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അടൂർ നഗരസഭാ കൗൺസിൽ, പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പ്രസ്തുത മാസ്റ്റർ പ്ലാൻ രൂപീകരിക്കലുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമം വകുപ്പ് 32 പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ(മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16 ഉപചട്ടം(4) അടിസ്ഥാനമാക്കി, പരിഷ്കരണങ്ങൾ ഇല്ലാതെ മാസ്റ്റർ പ്ലാൻ സ്വീകരിച്ച് പരാമർശം (2) പ്രകാരം അംഗീകരിക്കുകയും പ്രസിദ്ധീകരണ അനുമതിക്കായി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. മാസ്റ്റർ പ്ലാൻ സ്വീകരിക്കുന്നതിന്റെ ഉദ്ദേശ്യം, ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ

വ്യക്തമാക്കിക്കൊണ്ട് ഫാറം II-ൽ പരാമർശം (3) പ്രകാരം ഔദ്യോഗിക ഗസറ്റിലും വർത്തമാന പത്രങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും, നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

2. തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ, പ്രസിദ്ധീകരണ അനുമതിക്കായി ഫാറം III സഹിതം നഗരസഭ സെക്രട്ടറി പരാമർശം (4) പ്രകാരം ഉചിത മാർഗേന സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. Rebuild Kerala Initiative മുഖേനയുള്ള PforR ന്റെ DLI4-ന് കീഴിൽ 2026 ജൂൺ മാസത്തിനകം അംഗീകൃതം ആക്കുവാൻ പ്രതിബദ്ധതയുള്ള നാല് പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകളിൽ ഒന്നാണ് അടൂർ മാസ്റ്റർ പ്ലാൻ എന്ന് ശ്രദ്ധയിൽപ്പെടുത്തി, കരട് 'മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045' പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം (5) പ്രകാരം ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടൂർ നഗരത്തെ ട്രാൻസിറ്റ് ഹബ്ബായി വിഭാവനം ചെയ്തുകൊണ്ട് പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കി, DL14 PIU-ന്റെ സഹായത്തോടെ അടൂർ പട്ടണത്തിനായി 'Risk informed Master Plan' എന്ന രീതിയിൽ തയ്യാറാക്കിയ "മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045" പ്രസിദ്ധീകരിക്കുന്നതിന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016, വകുപ്പ് 36 ഉപവകുപ്പ് (3), 2021 ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16 ഉപചട്ടം (8) എന്നിവ പ്രകാരം അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട.
സെക്രട്ടറി, അടൂർ നഗരസഭ.
ചീഫ് ഇൻഫർമേഷൻ ഓഫീസർ(വെബ് ആൻഡ് ന്യൂ മീഡിയ).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 06-11-2025 17:34:49